വയനാട് ജില്ലയിലെ കൽപ്പറ്റ ജനറലാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബ്ലഡ് സ്റ്റോറേജ് സംവിധാനവും കാര്യക്ഷമമായി ഗൈനക്കോളജി വിഭാഗവും ഉണ്ട്. ട്രൈബൽ മൊബൈൽ യൂണിറ്റും ആംബുലൻസ് സൗകര്യവും ഉണ്ട്. ആർ,എസ്.വി.വൈ.-യിൽ 160 ലക്ഷം രൂപ വകയിരുത്തി പുതിയ കോമ്പൗണ്ടിൽ കൽപ്പറ്റ 'എ' ബ്ലോക്ക് നിർമ്മാണ പ്രവർത്തി പൂർത്തീകരിച്ചു. എൻ.ആർ.എച്ച്.എം. ഫണ്ട് വകയിരുത്തിക്കൊണ്ട് മെയിന്റനൻസ് വർക്കും നടത്തിയിട്ടുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനം തുടങ്ങി. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു.

കോഴിക്കോട് ജനറലാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ കിടക്കകൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി.

കാസർഗോഡ് ജനറലാശുപത്രിയുടെ വികസനത്തിനായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

പത്തനംതിട്ട ജനറലാശുപത്രിയുടെ വികസനത്തിന് സി.ടി. സ്കാൻ സ്ഥാപിച്ചു.

(ഡി) പത്തനംതിട്ട ജില്ലയിലെ അടൂർ സി.എച്ച്.സി.-യെ 2008-ൽ ജനറൽ ആശുപത്രിയായി ഉയർത്തി അവിടെ ബഹുനില കെട്ടിട നിർമ്മാണം നടന്നു വരുന്നു. ആലപ്പുഴ ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തി സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. മഞ്ചേരി ജില്ലാ ആശുപത്രി ജനറലാശുപത്രിയായി ഉയർത്തി. പുതിയകെട്ടിടം പ്രവർത്തനക്ഷമമാക്കി. സി.ടി. സ്കാൻ സ്ഥാപിച്ചു.

(ഇ) കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകൾ, താലൂക്കാശുപത്രികൾ തുടങ്ങി കിടത്തി ചികിത്സയ്ക്കാവശ്യമായ പ്രതിവർഷം 2000 യൂണിറ്റിൽ താഴെ രക്തം ആവശ്യമായി വരുന്നതുമായ ആശുപത്രികളിൽ ആണ് രക്ത സംഭരണം തുടങ്ങാൻ നടപടി സ്വീകരിച്ചുവരുന്നത്. 9 ബ്ലഡ് ബാങ്കുകളെ രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാക്കി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എം.സി. റോഡ് വികസനം

27 (*237) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴവരെയുള്ള എം. സി. റോഡ് വികസനം ഏതുഘട്ടംവരെയായി എന്നറിയിക്കുമോ ;

(ബി) പ്രസ്തുത റോഡിന്റെ വികസനത്തിനുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത റോഡ് വികസനത്തിന് എത്രതുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള എം.സി. റോഡിന്റെ പുനർ നിർമ്മാണം കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് ലോക ബാങ്ക് സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സ്ഥലമെടുപ്പിന്റെ 99 ശതമാനം പൂർത്തീകരിച്ചു. പലയിടങ്ങളിലായി വിട്ടുപോയിട്ടുള്ള ചെറു തുണ്ടുകളായി കിടക്കുന്ന സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ പുരോഗമിക്കുന്നു.

(സി) ഉദ്ദേശം 279 കോടി രൂപയാണ് ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷമേ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കുകയുള്ളൂ.

അതിവേഗപാതയുടെ നിർമ്മാണം

28 (*238) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രം നടപ്പിലാക്കുന്ന അതിവേഗ പാത നിർമ്മാണത്തിൽ സംസ്ഥാനത്തെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഇതിനായി രൂപീകൃതമായ കൺസൾട്ടൻസി സ്ഥാപനം ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ ;

(സി) തൃശൂർ മുതൽ കന്യാകുമാരി വരെയുള്ള ഭാഗം ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ എന്ത് തീരുമാനമാണ് അവസാനമായി സ്വീകരിച്ചത് ;

(ഡി) ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതുവരെ എന്തൊക്കെ നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചു എന്ന് വിശദമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ-സി) ദേശീയപാതാ വികസന പദ്ധതിയുടെ ഫേസ് VI-ൽ ഉൾപ്പെടുത്തി അതിവേഗപാത നെറ്റ്വർക്ക് നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കേന്ദ്ര കരഗതാഗത മന്ത്രാലയം ക്രാഫ്റ്റ്സ് കൺസൾട്ടന്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും, ആ സ്ഥാപനം റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly